**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 559** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംരംഭകരെ സാമ്പത്തികമായി സഹായിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സംരംഭകരെ സാമ്പത്തികമായി സഹായിക്കുന്നതിനായി മുദ്രാ ലോൺ മാതൃകയിൽ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമോ; | (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംസ്ഥാന ധനകാര്യ സ്ഥാപനമായതിനാൽ, കേന്ദ്ര സർക്കാറിന്റെ മുദ്രാ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടില്ല. നിലവിൽ SLBC അംഗീകരിച്ച് മുദ്രാ ലോൺ മാതൃകയിൽ MSME കൾക്കായി ഒരു പദ്ധതി ബാങ്കുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (സി.എം.ഇ.ഡി.പി) പ്രകാരം 2 കോടി രൂപ വരെ 5% പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്. |
| (ബി) | അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്ത് തന്നെ തൊഴിലെടുക്കുന്നതിനും വരുമാനം ഉണ്ടാക്കുന്നതിനും പരമാവധി സഹായം ലഭ്യമാക്കുന്ന വിധത്തിൽ സാമ്പത്തിക സഹായം ഉറപ്പാക്കുമോ? | (ബി) | സ്റ്റാർട്ടപ്പ് കേരള പദ്ധതി പ്രകാരം 10 കോടി രൂപ വരെയും സി.എം.ഇ.ഡി.പി പദ്ധതി പ്രകാരം 2 കോടി രൂപ വരെയും വായ്പ നൽകി വരുന്നുണ്ട്. ഇതിൽ അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിക്കാനുള്ള വായ്പ സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ